(ബി) വടകര ഓഗ്മെന്റേഷൻ പദ്ധതിയിലേയ്ക്ക് ജലം പമ്പ് ചെയ്യുന്ന കുറ്റ്യാടിപ്പുഴയിലെ കുറങ്കോട്ടുകടവ് പമ്പ് ഹൗസിൽ വേനൽക്കാലത്ത് വെള്ളം കുറയാറുണ്ട്. ആയതിനാൽ വേലിയിറക്ക സമയത്ത് പുഴയിലെ ജലനിരപ്പ് കിണറിന്റെ "ഇൻലെറ്റ് പൈപ്പി"നേക്കാൾ താഴെ പോകുന്നതിനാൽ ആറുമണിക്കൂറോളം പമ്പിംഗ് നിർത്തിവയ്ക്കേണ്ടി വരാറുണ്ട്. കുറ്റ്യാടിപ്പുഴയിൽ തന്നെ ഗുളികപ്പുഴ പാലത്തിനടുത്ത് സ്ഥാപിച്ച പമ്പ് ഹൗസിൽ നിന്നും തിരുവള്ളൂർ ആയഞ്ചേരി പദ്ധതിയ്ക്കുവേണ്ടിയും വെള്ളം പമ്പ് ചെയ്യുന്നുണ്ട്. വേനൽക്കാലത്ത് പ്രസ്തുത കിണറിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നതുമൂലം പമ്പിംഗ് തടസ്സപ്പെടാറുണ്ട്. മേൽപ്പറഞ്ഞ രണ്ട് പദ്ധതികളിലും ഉണ്ടാകുന്ന ജല ദൗർലഭ്യം പരിഹരിക്കുന്നതിനായി കഴിഞ്ഞ വേനൽക്കാലത്ത് ഗുളികപ്പുഴ പാലത്തിനടുത്തായി ഒരു താൽക്കാലിക ബണ്ട് നിർമ്മിക്കാൻ വേണ്ടി ടെണ്ടർ വിളിക്കുകയുണ്ടായി. വേനൽമഴ ലഭിച്ചതുകൊണ്ട് പുഴയിലെ ജലനിരപ്പ് ഉയർന്നതിനാൽ പ്രസ്തുത ബണ്ട് നിർമ്മിക്കേണ്ടി വന്നില്ല. ഒഞ്ചിയം ചേറോട് പദ്ധതിയുടെ സ്രോതസ്സിൽ ജല ദൗർലഭ്യം അനുഭവപ്പെടാറില്ല.

'അഴിയൂർ വാട്ടർ സപ്ലൈ സ്കീം'

36 (1721) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിലെ അഴിയൂർ ഗ്രാമപഞ്ചായത്തിൽ മൊത്തമായി ശുദ്ധജലവിതരണത്തിനുവേണ്ടി തയ്യാറാക്കിയ ടെക്നോളജി മിഷന്റെ കീഴിലുള്ള അഴിയൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവൃത്തി എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് അഴിയൂർ ഗ്രാമപഞ്ചായത്തിനോടാവശ്യപ്പെട്ട ടാങ്കുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ഉൾപ്പെടെയുള്ള കാര്യങ്ങൾ പഞ്ചായത്ത് നിർവ്വഹിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) അഴിയൂർ വാട്ടർ സപ്ലൈ പദ്ധതിക്ക് 700 ലക്ഷം രൂപയ്ക്കുള്ള റിവൈസ്ഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയ്ക്ക് വിഭാവനം ചെയ്തിട്ടുള്ള കുരങ്കോട്ടുകടവ് സ്രോതസ്സിൽ നിന്നും ശുദ്ധീകരണശാല സ്ഥിതി ചെയ്യുന്ന പുറമേരിയിലേക്കുള്ള റോ വാട്ടർ പമ്പിംഗ് മെയിൻ ഇടുന്ന പ്രവൃത്തിക്കു തന്നെ 900 ലക്ഷം രൂപയിൽ കൂടുതൽ ചെലവു വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഇതിന്റെ സ്രോതസ്സ് വാണിമേൽ പുഴയാക്കി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഉണ്ടാക്കിയത് പരിശോധനയിലാണ്.

(ബി) നിർവ്വഹിച്ചിട്ടുണ്ട്. ടാങ്കിനാവശ്യമായ മുഴുവൻ സ്ഥലങ്ങളും പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly